**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

## വിജ്ഞാപനം

## കീം 2022

## കേരള മെഡിക്കൽ കോഴ്സിലേയ്ക്കുള്ള പ്രവേശനം

## പുതിയതായി എൻ.ആർ.ഐ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നത് സംബന്ധിച്ച്

2022-23 വർഷത്തെ മെഡിക്കൽ കോഴ്സുകളിലേയ്ക്ക് (MBBS, BDS) പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക്, സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിലെ എൻ.ആർ.ഐ ക്വാട്ടാ സീറ്റുകളിലേക്ക് പരിഗണിക്കുന്നതിനായി പുതുതായി സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാവു ന്നതാണ്. കീം പോർട്ടൽ മുഖേന മെഡിക്കൽ കോഴ്സുകളിലേയ്ക്ക് (MBBS, BDS) പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിക്കുകയും എന്നാൽ എൻ .ആർ.ഐ സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാൻ കഴിയാത്തതുമായ വിദ്യർത്ഥികൾക്ക് **14.09.2022 മുതൽ 19.09.2022 വൈകിട്ട് 4.00 മണി വരെ** പുതുതായി എൻ.ആർ.ഐ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കാവുന്നതാണ്.

എൻ.ആർ.ഐ സീറ്റിലേക്ക് പരിഗണിക്കപ്പെടാൻ താത്പര്യമുള്ള വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള **'KEAM 2022-Candidate Portal'** എന്ന ലിങ്കിൽ അവരവരുടെ അപേക്ഷാ നമ്പരും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്ത് ദൃശ്യമാകുന്ന പ്രൊഫൈൽ പേജിൽ ലഭ്യമായ **'Upload NRI Documents'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് സർട്ടിഫിക്കറ്റുകൾ അപ് ലോഡ് ചെയ്യാവുന്നതാണ്.എൻ.ആർ.ഐ കാറ്റഗറി തെളിയിക്കുന്നതിനായി ഒന്നിലധികം സർട്ടിഫിക്കറ്റു കൾ വേണ്ടതിനാൽ എല്ലാ സർട്ടിഫിക്കറ്റുകളും കൂടി ഒറ്റ പി.ഡി.എഫ് ഫയൽ ആക്കിയതിനുശേഷം മാത്രം അപ്‌ലോഡ് ചെയ്യുക. എൻ.ആർ.ഐ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിന് മുമ്പായി വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ലഭ്യമായ 06.04.2022 ലെ കേരള എഞ്ചിനീയറിംഗ്/ ആർക്കിടെക്ചർ/ ഫാർമസി/ മെഡിക്കൽ/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച വിശദമായ വിജ്ഞാപനത്തിലെ എൻ .ആർ.ഐ ഭാഗം വായിച്ചു മനസ്സിലാക്കേണ്ടതാണ്. ബഹു.സുപ്രീം കോടതിയുടെ 23.03.2020 ലെ WP(C) No.370 വിധി പ്രകാരം കേരളീയേതരനായ രണ്ടാം കാറ്റഗറി വിഭാഗക്കാർക്കും (NK-II) മേൽപറഞ്ഞ തീയതികളിൽ NRI സർട്ടിഫിക്കറ്റ് സമർപ്പിക്കാവുന്നതാണ്. സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ എൻ.ആർ.ഐ ക്വാട്ട സീറ്റുകളിലേയ്ക്ക് പ്രവേശനം

ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ താഴെപ്പറയുന്ന രേഖകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

1. സ്പോൺസറുടെ പാസ്പോർട്ടിന്റെ കോപ്പി , എംബസി സാക്ഷ്യപ്പെടുത്തിയ വിസ/ ഗ്രീൻകാർഡ്/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (OCI) ആണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്. പ്രസ്തുത രേഖയിൽ സ്പോൺസറുടെ ജോലി സംബന്ധിച്ച വിവരം വ്യക്തമാക്കിയിരിക്കണം. മെഡിക്കൽ കോഴ്സുകളുടെ പ്രവേശനം അവസാനിക്കുന്ന തീയതി വരെ വിസയ്ക്ക് കാലാവധി ഉണ്ടായിരിക്കണം.
2. പാസ്പോർട്ടിന്റെ കോപ്പി, വിസ/ഗ്രീൻകാർഡ്/ഓവർസീസ് സിറ്റിസൺ ഓഫ് ഇന്ത്യ (OCI) എന്നിവയിൽ തൊഴിൽ രേഖപ്പെടുത്താത്ത പക്ഷം എംബസി /കോൺസുലേറ്റ് സാക്ഷ്യപ്പെടുത്തിയ സ്പോൺസറുടെ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
3. സ്പോൺസറും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം തെളിയിക്കുന്ന റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (ബന്ധം വിശദമാക്കിയിരിക്കണം). (സർട്ടിഫിക്കറ്റിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് അനക്സർ XXX കാണുക.). സ്പോൺസർ, അപേക്ഷകന്റെ അച്ഛനോ അമ്മയോ ആണെങ്കിൽ അപേക്ഷകന്റെയും സ്പോൺസറുടെയും പേരുകൾ ഉൾപ്പെടുന്ന വിദ്യാഭ്യാസ രേഖകൾ മതിയാകും. (06.08.2014 – ലെ ജി.ഒ (എം.എസ്)നം.243/14/ആ.കു.വ)
4. വിദ്യാർത്ഥി സ്പോൺസറുടെ ആശ്രിതനാണെന്നും വിദ്യാർത്ഥിയുടെ വിദ്യാഭ്യാസ പരമായ എല്ലാ ചെലവുകളും (ട്യൂഷൻ ഫീസ്,സ്പെഷ്യൽ ഫീസ് ഉൾപ്പെടെ മുഴുവൻ തുകയും കോഴ്സ് കാലാവധിയിലുടനീളം) വഹിക്കാമെന്നുള്ള സ്പോൺസറുടെ സമ്മതപത്രം 200/- രൂപയുടെ മുദ്രപ്പത്രത്തിൽ തയ്യാറാക്കി ഒരു നോട്ടറിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തിയിരിക്കണം. (സമ്മതപത്രത്തിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് അനക്സർ XL കാണുക.)
5. സ്പോൺസർ വിദേശത്താണെങ്കിൽ വിദ്യാർത്ഥി സ്പോൺസറുടെ ആശ്രിതനാണെന്നും വിദ്യാർത്ഥിയുടെ വിദ്യാഭ്യാസപരമായ എല്ലാ ചെലവുകളും (ട്യൂഷൻ ഫീസ്,സ്പെഷ്യൽ ഫീസ് ഉൾപ്പെടെ മുഴുവൻ തുകയും കോഴ്സ് കാലാവധിയിലുടനീളം) വഹിക്കാമെന്നുള്ള സ്പോൺസറുടെ സമ്മതപത്രം , സ്പോൺസർ ജോലി നോക്കുന്ന രാജ്യത്തിൽ നിലനിൽക്കുന്ന നിയമങ്ങൾക്ക് വിധേയമായി നോട്ടറിയോ / കോൺസുലേറ്റോ/ എംബസിയോ സാക്ഷ്യപ്പെടുത്തിയിരിക്കണം. (സമ്മതപത്രത്തിന്റെ മാതൃകയ്ക്ക് പ്രോസ്പെക്ടസ് അനക്സർ XL കാണുക)

മേൽ പറഞ്ഞ തീയതിക്കുള്ളിൽ അപ് ലോഡ് ചെയ്യാത്ത സർട്ടിഫിക്കറ്റുകളോ നേരിട്ടോ തപാലിലോ ഇ-മെയിലായോ ലഭിക്കുന്ന സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും NRI കാറ്റഗറി അനുവദിക്കുന്നതിന് പരിഗണിക്കുന്നതല്ല. NRI കാറ്റഗറിക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിന് ഇനി ഒരു അവസരം നൽകുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 0471 2525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.09.14 19:09:09 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**14/09/2022**